# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: **4667**

**26.10.16** ലെ മറുപടി

**ജലസേചന വകുപ്പിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ) തസ്തിക**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.വി.എസ്.ശിവകുമാർ | | മാത്യു.ടി.തോമസ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് ജലസേചന വകുപ്പിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | ജലസേചന വകുപ്പിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ 252 തസ്തികകൾ ഉള്ളതിൽ 15 ഒഴിവുകൾ നിലവിലുണ്ട്. ഇതിൽ പട്ടിക വർഗ്ഗക്കാർക്ക് നേരിട്ടുള്ള നിയമനത്തിനായുള്ള 1 ഒഴിവ് പി.എസ്.സി.യിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | ഈ ഒഴിവുകളിൽ ഡിഗ്രി/ഡിപ്ലോമ ക്വാട്ട എത്രയെണ്ണമെന്ന് വിശദമാക്കാമോ; | (ബി) & (സി) | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ഒഴിവുകൾ 25.09.2010-ലെ സ.ഉ.(അച്ചടി)നം. 64/2010/ജ.വി.വ സ്പെഷ്യൽ റൂൾ പ്രകാരം ഡിഗ്രി എഞ്ചിനീയർമാരെയും ഡിപ്ലോമ എഞ്ചിനീയർമാരെയും 8:2 എന്ന അനുപാതമനുസരിച്ച് സ്ഥാനക്കയറ്റം നൽകി നികത്താവുന്നതാണ്. എന്നാൽ പ്രസ്തുത റൂളിലെ റൂൾ 4 ലെ കാറ്റഗറി 4, നോട്ട് (2) പ്രകാരം സീനിയർ ആയ ഗ്രാഡുവേറ്റ് അസിസ്റ്റന്റ് എഞ്ചിനീയർക്ക് മുകളിലായി ഡിപ്ലോമ ഹോൾഡർ അസിസ്റ്റന്റ് എഞ്ചിനീയർക്ക് പ്രൊമോഷൻ ലഭിക്കുവാൻ അർഹതയില്ല. പ്രസ്തുത റൂൾ പ്രകാരം അർഹരായ ഡിപ്ലോമ എഞ്ചിനീയർമാർ നിലവിലില്ല. പ്രസ്തുത ഒഴിവുകളിലേയ്ക്ക് ഡിഗ്രി വിഭാഗക്കാർക്ക് സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ സ്പെഷ്യൽ റൂളിൽ പ്രതിപാദിച്ചിട്ടില്ല. |
| (സി) | അർഹരായവരുടെ അഭാവം മൂലം ഒഴിഞ്ഞുകിടക്കുന്ന ഡിപ്ലോമ ക്വാട്ടയിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലെ ഒഴിവുകളിലേയ്ക്ക് ഡിഗ്രി വിഭാഗക്കാർക്ക് സ്ഥാനക്കയറ്റം നൽകി നിയമനം നൽകുവാൻ സ്പെഷ്യൽ റൂൾസിൽ വ്യവസ്ഥയുണ്ടോയെന്ന് വിശദമാക്കാമോ; | | |

| | | | |
|---|---|---|---|
| (ഡി) | ഉണ്ടെങ്കിൽ അപ്രകാരം സ്ഥാനക്കയറ്റം നൽകി നിയമനം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ? | (ഡി) | മുൻപിരിവിലെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസക്തമല്ല. |

**സെക്ഷൻ ഓഫീസർ**